**11.07.2023**

# KGBEU OU ബുള്ളറ്റിൻ 77/2023

സഖാക്കളെ,

## വിഷയം: CUG usage of Branch heads

CUG മൊബൈൽ ഫോൺ ഉപയോഗം, ലോക്കർ ഇടപാട് ഇവ സംബന്ധിച്ച് അബദ്ധ ജടിലമായ ഒരു circular ശ്രദ്ധയിൽപ്പെട്ടിരിക്കുമല്ലോ. ഇത്തരം വകതിരിവില്ലാത്ത നിർദ്ദേശങ്ങൾ ഇറക്കുന്നതിനെതിരെ സംഘടന ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും എത്രയും വേഗം പിൻവലിക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടുകയും ചെയ്തു.

ഒരു ജീവനക്കാരൻ വ്യക്തിപരമായ ആവശ്യങ്ങൾക്കോ സാമൂഹിക ആവശ്യങ്ങൾക്കോ ആരോഗ്യം അനുവദിക്കാത്തതുകൊണ്ടോ മറ്റോ ലീവെടുക്കുന്ന ഘട്ടങ്ങളിൽ ബാങ്കിന്റെ ജോലിയുടെ ഭാഗമായി വരുന്ന ഫോൺ കോളുകൾ അറ്റൻഡ് ചെയ്യണമെന്ന് പറയുന്നത് ബാലിശവും അത്യന്തം പ്രതിഷേധാത്മകവുമാണ്. ഇടപാടുകാർ വിളിക്കുന്നത് പ്രധാനമായും അവരുടെ അക്കൗണ്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയുന്നതിന് വേണ്ടിയാണ്. അത് ബ്രാഞ്ചിന് പുറത്തു കവടി നിരത്തിയാൽ അറിയാവുന്ന കാര്യമല്ല.

ലോക്കർ ഇടപാട് സംബന്ധിച്ചും, മറ്റെങ്ങും കേട്ടുകേൾവി ഇല്ലാത്ത കാര്യങ്ങളാണ് നമ്മുടെ ബാങ്കിൽ നിർദ്ദേശങ്ങൾ ആയി തന്നിരിക്കുന്നത്. ഇത്തരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന 'തലകൾ' രാജ്യത്തെ നിയമങ്ങളും RBI നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ബന്ധപ്പെട്ട കാര്യങ്ങളിൽ നിർദ്ദേശങ്ങൾ ഇറക്കാൻ ഇനിയെങ്കിലും ശ്രദ്ധിക്കണം എന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)